"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

15 YEARS OF CELEBRATING THE MAHATMA

<u>സംഗ്രഹം</u>

തദ്ദേശ സ്വയം ഭരണ വകുപ്പ്- സമാശ്വാസ തൊഴിൽ ദാന പദ്ധതി - ചേർത്തല നഗരസഭയിൽ ഹെൽത്ത് സൂപ്പർവൈസർ-ആർ.വി ജയപ്രകാശിന്റെ മകൾ കുമാരി ആരതി ജയപ്രകാശ് - കോട്ടയം ജില്ലയിൽ എൽ ഡി ക്ലാർക്ക് തസ്തികയിൽ നിയമനം നല്കുന്നതിന് അനുമതി നല്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

**സ.ഉ.(കൈ) നം.26/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 04/02/2021

പരാമർശം:- 1. 24/05/1999 തീയതിയിലെ സ.ഉ(പി) നം.12/99/ഉ.പ.ഭ.വ.

2. കുമാരി ആരതി ജയപ്രകാശ് സമർപ്പിച്ച 23.05.2017 തീയതിയിലെ അപേക്ഷ
3. നഗരകാര്യ ഡയറക്ടറുടെ 28.12.2018 തീയതിയിലെ ഇ4-17446/17നമ്പർ കത്ത്.
4. സ.ഉ.(കൈയെഴുത്ത്) നം. 5/2018/ഉ.ഭ.പ.വ. തിയതി. 21.02.2018.
5. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 24.11.2019 ലെ DCKTM/5137/2019-SS1 നമ്പർ കത്ത്.
6. 23.09.2020 തീയതിയിലെ സ.ഉ(സാധാ) നം 1717/2020/ത.സ്വ.ഭ.വ

<u>ഉത്തരവ്</u>

സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിന് ചേർത്തല നഗരസഭയിൽ ഹെൽത്ത് സൂപ്പർവൈസർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവേ 18.11.2014 തീയതിയിൽ മരണപ്പെട്ട ആർ.വി.ജയപ്രകാശിന്റെ മകൾ കുമാരി ആരതി ജയപ്രകാശ് അപേക്ഷ സമർപ്പിച്ചിരുന്നു. ആർ.വി ജയപ്രകാശിന്റെ സേവനകാലം 32 വർഷവും 11 മാസവുമാണ്. പരേതന്റെ ജനനത്തീയതി സർവ്വീസിൽ പ്രവേശിച്ച തീയതി എന്നിവ യഥാക്രമം 13.09.1960 , 18.12.1981 ആണ്. നഗരകാര്യ ഡയറക്ടറും കോട്ടയം ജില്ലാ കളക്ടറും അപേക്ഷകയ്ക്ക് ജോലി നല്കുന്നതിന് ശിപാർശ ചെയ്തിട്ടുണ്ട്.

2. അപേക്ഷക എസ്. എസ്. എൽ. സി പാസ്സായിട്ടുള്ളതും ടിയാരിയുടെ ജനനത്തീയതി 29.09.1990 എന്നതുമാണ് . ജോലി ലഭിക്കുന്നതിനായുള്ള അപേക്ഷ സമയപരിധി കഴിഞ്ഞ് സമർപ്പിക്കപ്പെട്ടതും അപേക്ഷ സമർപ്പിക്കാനുണ്ടായ കാലതാമസം പരാമർശം 6 പ്രകാരം സർക്കാർ മാപ്പാക്കി ഉത്തരവായിട്ടുള്ളതുമാണ്. ഈ ജോലിക്കായി പരേതന്റെ ആശ്രിതരിൽ മറ്റാരും തന്നെ അപേക്ഷിച്ചിട്ടില്ലായെന്നും മറ്റാർക്കും ജോലി ലഭിച്ചിട്ടില്ലായെന്നും അപേക്ഷകയും കോട്ടയം ജില്ലാ കളക്ടറും വ്യക്തമാക്കിയിട്ടുണ്ട്. പരേതന്റെ ആശ്രിത എന്ന നിലയിൽ അപേക്ഷകയായ കുമാരി ആരതി ജയപ്രകാശിന് ജോലി നല്കുന്നതിൽ എതിർപ്പില്ലായെന്ന് പരേതന്റെ മറ്റവകാശികൾ സമ്മതപത്രം ഒപ്പിട്ടു നല്കിയിട്ടുണ്ട്. അപേക്ഷകയുടെ വാർഷിക വരുമാനം 5,59,144/- രൂപയാണെന്ന് (അഞ്ച് ലക്ഷത്തി അൻപത്തിഒൻപതിനായിരത്തി ഒരുനൂറ്റി നാൽപത്തിനാല് രൂപ മാത്രം) നടുവില വില്ലേജ് ഓഫീസർ

സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, പരാമർശം 4 പ്രകാരം ആശ്രിതരെ സംരക്ഷിച്ചുകൊള്ളാമെന്നുള്ള സമ്മതപത്രം ടിയാരി സമർപ്പിച്ചിട്ടുണ്ട്.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ചേർത്തല നഗരസഭയിൽ ഹെൽത്ത് സൂപ്പർവൈസർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവേ 18.11.2014 തീയതിയിൽ മരണപ്പെട്ട ആർ.വി ജയപ്രകാശിന്റെ മകൾ കുമാരി ആരതി ജയപ്രകാശിന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം കോട്ടയം ജില്ലയിൽ നിലവിലുള്ളതോ /ആദ്യം ഉണ്ടാകുന്നതോ ആയ ഒഴിവിൽ എൽ ഡി ക്ലാർക്ക് തസ്തികയിൽ പരാമർശം 1 ലെ ഉത്തരവിന് വിധേയമായി നിയമനം നല്കുന്നതിന് അനുമതി നല്കി ഉത്തരവാകുന്നു.

4. ബന്ധപ്പെട്ട നഗരസഭാ സെക്രട്ടറി/അർബൻ അഫയേഴ്സ് ഡയറക്ടർ ഒഴിവിന്റെ ലഭ്യതയനുസരിച്ച് മേൽപറഞ്ഞ അപേക്ഷകയ്ക്ക് നിയമന ഉത്തരവ് നല്കേണ്ടതാണ്. ടിയാരിയെ സർവ്വീസിൽ പ്രവേശിപ്പിക്കുന്നതിന് മുമ്പ് സർട്ടിഫിക്കറ്റുകളുടെ അസ്സൽ വാങ്ങി പരിശോധിച്ച് ബോധ്യപ്പെടേണ്ടതും ചട്ട പ്രകാരമുള്ള മറ്റെല്ലാ നടപടി ക്രമങ്ങളും പാലിക്കേണ്ടതുമാണ്. നിയമന വിവരം മരണമടഞ്ഞ ജീവനക്കാരന്റെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. അപേക്ഷകയ്ക്ക് നല്കുന്ന നിയമന ഉത്തരവിന്റെ പകർപ്പ് പരിശോധനയ്ക്കായി നിയമനാധികാരി സർക്കാരിൽ ലഭ്യമാക്കേണ്ടതാണ്.

5. ഈ ജോലി ലഭിക്കുന്നതിലേക്കായി അപേക്ഷക തെറ്റായ വിവരങ്ങൾ നൽകിയെന്ന് ബോധ്യപ്പെടുന്ന പക്ഷം ഈ ഉത്തരവ് റദ്ദാക്കുന്നതിനുള്ള അവകാശം സർക്കാരിനുണ്ടായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യു**

**അഡിഷണൽ സെക്രട്ടറി**

പകർപ്പ്:

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ കളക്ടർ , കോട്ടയം.
സെക്രട്ടറി,ചേർത്തല നഗരസഭ
കുമാരി ആരതി ജയപ്രകാശ്, പാണ്ടിക്കോടത്ത് മഠം, വൈക്കം പി ഒ,686141,കോട്ടയം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി(ഇയു4/19/2019-ത.സ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ